**പ്രസിദ്ധീകരണത്തിന്**

നമ്പർ.177/റിക്രൂ/2018/കെ.ഡി.ആർ.ബി

**തിരുവനന്തപുരം**
04.10.2019

**പത്രക്കുറിപ്പ്**

03.05.2018-ലെ വിജ്ഞാപന പ്രകാരം തിരുവിതാംകൂർ ദേവസ്വം ബോർഡിലേയ്ക്കുള്ള അസിസ്റ്റന്റ് ലോ ഓഫീസർ ഗ്രേഡ് II (കാറ്റഗറി നമ്പർ 11/2018) തസ്തികയിൽ നിയമനത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായി 2019 നവംബർ മാസം 3 ന് (ഞായറാഴ്ച) രാവിലെ 10.00 മണി മുതൽ ഉച്ചയ്ക്ക് 1 മണി വരെ തിരുവനന്തപുരം കോട്ടൺഹിൽ ഗവൺമെന്റ് ഗേൾസ് ഹയർസെക്കന്ററി സ്കൂളിൽ വച്ച് ഒരു എഴുത്തു പരീക്ഷ നടത്തുകയാണ്. പരീക്ഷയ്ക്കുള്ള അഡ്മിഷൻ ടിക്കറ്റുകൾ ഉദ്യോഗാർത്ഥികൾക്ക് അവരുടെ പ്രൊഫൈൽ മുഖേന കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kdrb.kerala.gov.in-ൽ നിന്നും 19.10.2019 മുതൽ ഡൗൺലോഡ് ചെയ്ത് എടുക്കാവുന്നതാണ്. ഉദ്യോഗാർത്ഥികൾ അഡ്മിഷൻ ടിക്കറ്റും കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് അംഗീകരിച്ച തിരിച്ചറിയൽ രേഖയുടെ അസ്സലും സഹിതം പരീക്ഷ തുടങ്ങുന്നതിന് അര മണിക്കൂർ മുമ്പേ പരീക്ഷ കേന്ദ്രത്തിൽ ഹാജരാകേണ്ടതാണ്. വൈകിയെത്തുന്ന ഉദ്യോഗാർത്ഥികളെ യാതൊരു കാരണവശാലും പരീക്ഷ എഴുതാൻ അനുവദിക്കുന്നതല്ല. പരീക്ഷാ പ്രോഗ്രാം, സിലബസ്സ് മുതലായ വിശദ വിവരങ്ങൾ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സെക്രട്ടറി

കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ്